## നിര്യാതയായി



**മേരിക്കുട്ടി ഡാനിയൽസ്**
ആലുമ്മൂട്ടിൽ കിഴക്കേതിൽ

ഇടപ്പള്ളി ബാലകൃഷ്ണ മേനോൻ റോഡ്, 2 B Solitaire Skyline Apts. ആലുമ്മൂട്ടിൽ കിഴക്കേതിൽ പരേതനായ ശ്രീ. എം. ഡാനിയൽസിന്റെ ഭാര്യയും, ശ്രീ. മോഹൻ ഡാനിയൽസിന്റെ മാതാവുമായ **മേരിക്കുട്ടി ഡാനിയൽസ്** (86) 24.06.2017-ൽ നിര്യാതയായി. 25.06.2017-ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

## വിശേഷ ദിവസങ്ങൾ

**ജൂലൈ**

03 തിങ്കൾ വി. മാർത്തോമാശ്ലീഹായുടെ ഓർമ്മ
15 ശനി മാർ കുരിയാക്കോസ് സഹദായുടെയും അമ്മ യൂലീത്തിയുടെയും ഓർമ്മ

**ഓഗസ്റ്റ്**

01 ചൊവ്വ പതിനഞ്ച് നോമ്പാരംഭം
06 ഞായർ മറുരൂപപെരുന്നാൾ അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഓർമ്മ (പെരുനാട് ബഥനി)

## മാമോദീസ

കടവന്ത്ര, ചിലവന്നൂർറോഡ് പാലത്തിങ്കൽ Dr. രോഹിത് ജോർജ്ജി മാത്യുവിന്റെയും, Dr. Mrs. അന്ന സെറിൻ ബാബുവിന്റെയും മകൻ **മാത്യുവും** മകൾ **സൂസനും** 25.06.2017 ൽ മാമ്മോദീസ സ്വീകരിച്ചു.

*ഈ പൈതലുകൾക്ക് ദൈവകൃപ ആശംസിക്കുന്നു.*

## 2016-17 CBSC 10-ാം ക്ലാസ്സ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കത്തീഡ്രലിലെ നമ്മുടെ വിദ്യാർത്ഥികൾ.

**അലൻ തോമസ് ജെയ്ക്കബ്**
S/o ഷാൻലി തോമസ് & മേരി വർഗ്ഗീസ്

**ജെറി സക്കറിയ ജോസ്**
S/o ജോസ് സക്കറിയ & സൂസൻ ജോർജ്ജ്

**യോന ഡേവിഡ് പണിക്കർ**
S/o ജി. ഡേവിഡ് പണിക്കർ & ലിഷ അന്ന ജോൺ

**ഡിൻഷ പ്രിൻസ്**
D/o പ്രിൻസ് പി. ജെയ്ക്കബ് & പ്രീന പ്രിൻസ്

**ഒലീവിയ റേച്ചൽ മാത്യൂസ്**
D/o റവ.ഫാ. ബിജു എബി മാത്യൂസ് & ജാസ്മിൻ എബി മാത്യൂസ്

## ഇംഗ്ലീഷ് വി. കുർബ്ബാന

ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ സെന്റ് മേരീസ് കത്തീഡ്രലിൽ എല്ലാ ഞായറാഴ്ചയും ഇഗ്ലീഷ് കുർബ്ബാന നടത്തുവാൻ നിശ്ചയിച്ചു. അതനുസരിച്ച് ആദ്യത്തെ വി. കുർബ്ബാന ഭദ്രാസന മെത്രാപ്പോലീത്ത അഭി. യാക്കോബ്ബ് മാർ ഐറേനിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ 11.06.2017 ഞായറാഴ്ച വൈകിട്ട് 5.30ന് നടന്നു. തുടർന്നുള്ള എല്ലാ ഞായറാഴ്ചകളിലും വൈകിട്ട് 5.30ന് സന്ധ്യാനമസ്ക്കാരവും, 6 മണി മുതൽ 7 മണിവരെ വി. കുർബ്ബാനയുമുണ്ടായിരിക്കും. ഇംഗ്ലീഷ് വി. കുർബ്ബാന പ്രധാനമായും മലയാളമറിയാത്തവരെ ഉദ്ദേശിച്ചാണെങ്കിലും, രാവിലത്തെ വി. കുർബ്ബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക്, വൈകിട്ടത്തെ ഈ സംവിധാനം ഉപകാരപ്രദമായിരിക്കും. സിറ്റിയിലും പരിസരത്തുമുള്ള എല്ലാ ഓർത്തഡോക്സ് പള്ളികളുടേയും സഹകരണത്തോടെയാണ് ഈ പദ്ധതിക്ക് തുടക്കമിട്ടത്. ■

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area)**
**02-07-2017 - 4 pm**
**ശ്രീ. സാമുവൽ പി.സി.**
പനക്കച്ചേരിൽ ഹൗസ്
ലിസ്സി ഹോസ്പിറ്റൽ റോഡ്, കൊച്ചി - 18
Ph: 2400438, Mob: 9497666129

**St. Thomas Unit (North-Pachalam Area)**
**16-07-2017 - 4 pm**
**ശ്രീമതി. റോസി സക്കറിയ**
തോലത്ത് ഹൗസ്, പള്ളിക്കാവ്
ടെമ്പിൾ റോഡ്, വടുതല, കൊച്ചി - 23
Ph: 2401296, Mob: 9895914103

**St. Gregorios Unit (Elamkulam - Kadavanthra Area) 23-07-2017 - 4 pm**
**ശ്രീമതി. പൊന്നമ്മ തോമസ്**
മാമ്പിള്ളിൽ, ബിജുവില്ല,
കടവന്ത്ര, കൊച്ചി.
Ph: 2318305, Mob: 9895896532




Editorial Board : K.K. George (94470 40484), Mathew Koshy, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 11 ISSUE : 07 JULY 2017

### എഡിറ്റോറിയൽ

## ദാനം ചെയ്ത് സമൃദ്ധിയാർജ്ജിക്കുക.

പലരും പറയുന്നതുകേട്ടിട്ടുണ്ട് 'പള്ളിയിൽ പോകുവാനേ തോന്നുകയില്ല. അവിടെ ചെന്നാൽ പിരിവിനുള്ള ആഹ്വാനം തന്നെ എപ്പോഴും.' ഒരു പുരോഹിതൻ ഇതിന് മറുപടി പറഞ്ഞത് ഇങ്ങനെയായിരുന്നു. 'നിങ്ങളിൽ എല്ലാവരും സഹായം അർഹിക്കുന്നവർക്ക് സഹായം നൽകുന്നതുവരെ ഞാനിത് ആവർത്തിച്ചുകൊണ്ടിരിക്കും.' ദൈവം നമുക്ക് നൽകിയിട്ടുള്ള സൗകര്യങ്ങൾ നമുക്ക് തന്നെ അനുഭവിക്കുവാനല്ല, മറ്റുള്ളവരെ സഹായിക്കുവാനും കൂടിയാണ്. അതിന് പുരോഹിതനൊ, മറ്റുള്ള സഹൃദയരൊ നിമിത്തമായാൽ അവരെ കുറ്റം പറയാതിരിക്കുകയാണ് വേണ്ടത്. ദാനം നൽകുന്നവർക്കുള്ള ആനന്ദം ഒരിക്കലും സ്വത്ത് കൂട്ടി വയ്ക്കുന്നവർക്കുണ്ടാകുകയില്ല.

യെരുശലേമിലെ വിശുദ്ധന്മാർക്കുവേണ്ടി പൗലോസ് അപ്പോസ്തലൻ ദ്രവ്യശേഖരണത്തിന് നേതൃത്വം നൽകിയത് വേദപുസ്തകത്തിൽ നാം വായിച്ചിട്ടുണ്ടല്ലോ. ഇതുകാണിക്കുന്നത് നല്ലതിനായുള്ള പണപ്പിരിവ് ഒരിക്കലും തെറ്റല്ല എന്നാണ്. യെശയ്യ പ്രാവചകൻ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. 'വിശപ്പുള്ളവനോട് നീ താല്പര്യം കാണിക്കുകയും, കഷ്ടത്തിൽ ഇരിക്കുന്നവന് തൃപ്തി വരുത്തുകയും ചെയ്യുമെങ്കിൽ നിന്റെ പ്രകാശം ഇരുളിൽ ഉദിക്കും, നിന്റെ അന്ധകാരം മദ്ധ്യാഹ്നം പോലെയാകും (യെശ. 58:10).

പ്രശസ്ത സുവിശേഷകൻ ബില്ലിഗ്രഹാം ഒരിക്കൽ പറഞ്ഞു: 'ദൈവം നമുക്ക് രണ്ട് കൈകൾ തന്നിരിക്കുന്നത് ഒരു കൈകൊണ്ട് സ്വീകരിക്കുവാനും, മറ്റെ കൈകൊണ്ട് കൊടുക്കാനുമാണ്.' വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ 'ഇങ്ങനെ പ്രയത്നം ചെയ്ത് പ്രാപ്തിയില്ലാത്തവരെ സഹായിക്കുകയും, വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് ഭാഗ്യം എന്ന് കർത്താവായ യേശു താൻ പറഞ്ഞ വാക്ക് ഓർത്തുകൊൾകയും വേണ്ടത് എന്നു ഞാൻ എല്ലാംകൊണ്ടും നിങ്ങൾക്ക് ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു' (അ.പ്ര. 20:35).

നാം രഹസ്യത്തിൽ ചെയ്യുന്ന ദാനത്തിന് പിതാവ് നമുക്ക് പ്രതിഫലം തരും (മത്താ. 6:4) എന്ന് യേശുക്രിസ്തു പറയുന്നുണ്ടല്ലോ. സമാധാനം ആഗ്രഹിക്കുന്നവർ ദാനം കൊടുക്കുന്നവരായിരിക്കും. അവർക്ക് മനസമാധാനത്തോടെ ജീവിതം നയിക്കാനാകും. ലോക പ്രസിദ്ധമായ റോക്ക്‌വെൽ ഫൗണ്ടേഷന്റെ ഉപജ്ഞാതാവ് ശ്രീമാൻ ജെയിംസ് എം. റോക്ക് വെല്ലിന്റെ കഥ ഇതിന് നല്ലൊരു ഉദാഹരണമാണ്. വലിയ വ്യവസായിയായിരുന്ന അദ്ദേഹം ആരെയും സഹായിക്കുകയോ സ്നേഹമായി പെരുമാറുകയോ ചെയ്തിരുന്നില്ല. ദുഷ്ടതമൂലം രോഗിയായപ്പോൾ ആരും തന്നെ സഹായത്തിനുണ്ടായില്ല. അപ്പോഴാണ് അദ്ദേഹം തന്റെ മോശപ്പെട്ട ജീവിതത്തെക്കുറിച്ച് ചിന്തിച്ചത്. രോഗത്തിൽ നിന്ന്

(ശേഷം 2-ാം പേജിൽ)

### ഇടയ ലേഖനം

## വിശ്വസ്തരെ എവിടെ കാണും ?

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



സമസ്ത മനുഷ്യരും ഇഷ്ടപ്പെടുന്ന ഗുണമാണ് വിശ്വസ്തത. വിശ്വസിക്കാനും 'നമ്പാനും' കൊള്ളാവുന്നവരെയാണ് എല്ലാവരും അന്വേഷിക്കുന്നത്, 'വിശ്വാസ'ത്തിൽ നിന്നാണ് 'വിശ്വസ്തത' പിറക്കുന്നത്. പ്രഥമമായി, അത് ഈശ്വര വിശ്വാസത്തെക്കുറിക്കുന്നു. ദൈവത്തോട് ആത്മാർത്ഥതയും വിശ്വസ്തതയും പുലർത്താത്തവർക്ക് മനുഷ്യരോട് വിശ്വസ്തതയുള്ളവരായിരിക്കാൻ പ്രയാസമായിരിക്കും. ചെയ്യുന്ന ശപഥങ്ങൾ, എടുക്കുന്ന തീരുമാനങ്ങൾ, കേൾക്കുന്ന ഉപദേശങ്ങൾ മുതലായവയിൽ ഇളവുകൂടാതെ നിലനിൽക്കുന്നവരേ വിശ്വസ്തരാവുകയുള്ളു.

അവിശ്വസ്തത, വഞ്ചന, പ്രതികാരം ഇവയെല്ലാം പൈശാചികമാണ്. അതിൽ മുഴുകുന്നവർ 'സത്യമറിഞ്ഞിട്ടും' സത്യത്തോടൊപ്പം നിൽക്കാത്തവരായിരിക്കും വിശ്വാസപൂർവ്വം മറ്റൊരാൾ ഏല്പിക്കുന്ന ദൗത്യമോ ചുമതലയോ നിറപടിയായി നിവർത്തിക്കേണ്ടതാണ്. സൂക്ഷിക്കാനേല്പിച്ച ധനമായാലും അങ്ങനെ തന്നെ. മനുഷ്യ സമുദായത്തിൽ വ്യക്തി ബന്ധങ്ങളെ പിഴുതെറിയുന്നതും നീതിയെ ഹനിക്കുന്നതും ചതിപ്രയോഗങ്ങളാണ്. പക്ഷെ ചതിയൻ തൽക്കാലത്തേക്ക് രക്ഷപെട്ടേക്കാമെങ്കിലും, ആത്യന്തികമായി നിർമൂലമാവുക തന്നെ ചെയ്യും.

ദയവായ്പുള്ള മനുഷ്യരുണ്ട്. അവരെ നാം പ്രകീർത്തിക്കുന്നു. അതിലും കവിഞ്ഞതാണ് വിശ്വസ്ഥത. ദൈവത്തോടുള്ള കടപ്പാടും അനുസരണവും, ദൈവഭയവുമാണ് വഞ്ചനയിൽ നിന്നും, അവിശ്വസ്തതയിൽ നിന്നും നമ്മെ പിൻതിരിപ്പിക്കുന്നത്. ലൗകിക നേട്ടങ്ങൾക്കുവേണ്ടി അന്യരെ ചതിക്കുന്നവരുടെ വഞ്ചന ദൈവദൃഷ്ടിയിൽ അക്ഷന്തവ്യമാണ്. ദയാലുവായ മനുഷ്യൻ വിശ്വസ്തനുമായിരുന്നാൽ ഏറെ നന്ന്. പല മനുഷ്യരും ജീവിതത്തിൽ പരാജയമായും, പരംദ്രോഹികളുമായും ഭവിക്കുന്നത് അവരുടെ അധാർമ്മികമായ പശ്ചാത്തലത്തിൽ നിന്നാണ്. വിശ്വസിക്കുന്നവരെ ചതിക്കുന്നത്, മനുഷ്യത്വരാഹിത്യവും വിശ്വാസവഞ്ചനയും മനുഷ്യാവകാശ ലംഘനവുമാണെന്ന് അവർ തിരിച്ചറിയുന്നില്ല. നിരപരാധികളെ ചതിക്കുന്നത് എത്രയോ ഹീനമാണ്! ദൈവം മനുഷ്യനെ നല്ലവനായി സൃഷ്ടിച്ചു. ദൈവം മനുഷ്യനെ വിശ്വസിച്ചു. എന്നാൽ മനുഷ്യൻ ആ വിശ്വസ്തതയ്ക്കു വിലയിട്ടു - വിലക്കപ്പെട്ട കനി. ഒന്നാമത് ദൈവത്തോടാണ് മനുഷ്യൻ അവിശ്വസ്തത കാട്ടിയത്.

വിശ്വാസം സമർപ്പണത്തിൽ വളരുന്നു, വിശ്വാസം എന്നാൽ തന്നെ മറ്റൊന്നിന് സ്വയം സമർപ്പിക്കുന്നതാണല്ലോ. സമർപ്പണം അപൂർണ്ണമായാൽ അതിൽ ഒളിച്ച് വയ്ക്കലും ചതിവും വളർന്നുവരുന്നത് സ്വാഭാവികമാണ്. ചതിക്കാൻ വേണ്ടി വിശ്വസ്തത നടിക്കുന്നത് ക്രൂരമായ പാതകമാണ്. അതുനിമിത്തം, എത്രപേർ നഷ്ടം സഹിക്കേണ്ടി

(ശേഷം 2-ാം പേജിൽ)

## വികാരിയുടെ കത്ത്

# നോമ്പ്കാലം - മാറ്റത്തിന്റെ കാലം

ഫാ. സൈമൺ ജോസഫ്

എഴുതാൻ പേന എടുക്കുമ്പോൾ ഒരു മാസത്തെ വ്രതാനുഷ്ഠാനങ്ങളോടെ നോമ്പ് എടുത്ത് സർവ്വ ചോദനകളോടും വിടപറഞ്ഞ് ദൈവമാർഗ്ഗത്തിൽ ചിട്ടപ്പെടുത്തിയ ജീവിതം കരസ്ഥമാക്കി ചെറിയ പെരുന്നാൾ ആഘോഷങ്ങൾക്ക് മുമ്പുള്ള നീണ്ട നമസ്ക്കാരത്തിന്റെ ശബ്ദം മുഴങ്ങികേൾക്കാം.

നോമ്പ്, ഉപവാസം, പ്രാർത്ഥന ദൈവസ്മരണ കൈവിട്ട്കളയാതെ സംരക്ഷിക്കാനുള്ള പരിശീലനമാണ് നൽകുന്നത്. ചിട്ടയായ ജീവിതം, നിർമ്മലമായ മനസ്സ്, പരോപകാരപ്രദമായ ജീവിത ശൈലി ഇത് ഉള്ളവരിൽ ദൈവം സന്തോഷിക്കും. സംപ്രീതനാകും.

ദൈവത്തെ പിൻപറ്റാൻ കടന്നുവന്ന യുവസ്നേഹിതനോട് കർത്താവ് പറഞ്ഞത് നിനക്ക് ഒരു കുറവുണ്ട്. ദൈവത്തോട് കൂടിയുള്ള വാസം തിരിച്ചറിവുകളുടെ കാലം ആവണം. തിരുത്തലുകളുടെ നിമിഷങ്ങൾ ആകണം. പ്രകാശം പരത്തുന്ന നിലാവ് പോലെ നൈർമല്യമുള്ള ചിന്തകളുടെ പൂക്കാലം ആവണം.

കേരളത്തിന്റെ തിലകക്കുറിയായി കൊച്ചിയുടെ ഹൃദയാന്തർഭാഗത്തുകൂടി മെട്രോ ട്രെയിൻ ചൂളം വിളിച്ച് കടന്ന് പോകുമ്പോൾ അസാധ്യമായതിനെ സാധ്യമാക്കി തീർത്ത അഭിമാന നിമിഷങ്ങൾ സമ്മാനിക്കുന്നതിനോടൊപ്പം മാറ്റത്തിന്റെ വലിയ ശംഖോലിനാദം കേൾക്കാം. നമ്മുടെ തൊഴിൽ സംസ്ക്കാരത്തെ, വികസന സങ്കൽപ്പത്തെ, യാത്ര സംവിധാനത്തെ മാറ്റിമറിച്ചു, തിരുത്തിക്കുറിച്ചു എന്ന് പറയാതെ വയ്യ.

ശ്ലീഹാ നോമ്പിൽ നാമും നിർബന്ധമായി മാറ്റത്തിന്, പുതിയ തുടക്കത്തിന്, തുടക്കം കുറിക്കണം. എനിക്ക് ഉപേക്ഷിക്കേണ്ട പലതുണ്ട് എന്ന് ഹൃദയം ചെറിയ, ചെറിയ സ്പന്ദനങ്ങൾക്കിടയിലും പറയാതെ പറയുന്നത് നാം ചെവി ഓർത്താൽ കേൾക്കാൻ കഴിയും. സങ്കീർത്തനക്കാരനോടൊപ്പം നമുക്ക് പറയാം 'ദൈവമേ നിർമ്മലമായ ഒരു ഹൃദയം എനിക്ക് തരണമേ' പ്രകൃതിയുടെ സ്വഭാവിക ഭംഗി, ആകൃതിയില്ലാതായി നാം ശ്വസിക്കുന്ന വായു, കുടിക്കുന്ന വെള്ളം, എന്തിന് ആഹാരാദികൾ വരെ കലർപ്പിന്റെ പിടിയിൽ അമർന്നിരിക്കുന്നു. കാരണം തേടി അലയേണ്ടതില്ല. മനുഷ്യമനസ്സിന്റെ കലർപ്പുതന്നെ.



സ്വാർത്ഥത, അമിതഭോഗം, ആഢംബരത്വം, സംഭരണ തൽപ്പരത ആവശ്യം വെടിയേണ്ട കാര്യങ്ങൾ തന്നെ. മാറ്റത്തിനായി തിരുത്തലിനായി നാം തയ്യാറാവണം.

തൽക്കാലം എഴുത്ത് നിർത്തി അത്യാവശ്യ കാര്യത്തിനായി പുറത്തേക്കിറങ്ങി. ഈദ് നമസ്ക്കാരം കഴിഞ്ഞ് പുറത്തേക്ക് വന്ന സഹോദരങ്ങളുടെ കണ്ണുകളിലെ വെളിച്ചം, മുഖത്ത് വിടർന്ന് നിൽക്കുന്ന സന്തോഷം, പരസ്പരം ആലിംഗനം ചെയ്ത് സ്നേഹം പങ്കിടുന്ന കാഴ്ച ഇത് ഈ ദിനത്തിന്റെ പുണ്യമായി ചുരുങ്ങാതെ ഒരായുസ്സിന്റെ പുണ്യമായി നിലനിൽക്കട്ടെയെന്നാഗ്രഹിച്ചുപോയി.

ശ്ലീഹാ നോമ്പ് ആചരിക്കുമ്പോൾ ശ്ലീഹന്മാരുടെ ജീവനത്തിന്റെ അഭ്രപാളികളിൽ ത്യാഗത്തിന്റെ, നിസ്വാർത്ഥ സ്നേഹത്തിന്റെ പ്രാർത്ഥനയുടെ, ക്രിസ്തു സ്നേഹത്തിന്റെ, സുവർണ്ണരേഖകൾ കാണാം. ആ സുവർണ്ണ ശോഭയുടെ മിന്നലാട്ടം നമ്മുടെ മിഴികളിൽ, ഹൃദയങ്ങളിൽ, ജീവിത രേഖകളിൽ തെളിയട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. ■

*(എഡിറ്റോറിയൽ തുടർച്ച)*

രക്ഷപെട്ട അദ്ദേഹം നല്ലത് പ്രവൃത്തിക്കണമെന്ന് നിശ്ചയിക്കുകയും, ലോകത്തിലുള്ള ആശുപത്രികൾക്ക് സഹായധനം നൽകുവാനുള്ള റോക്ക്വെൽ ഫൗണ്ടേഷൻ ആരംഭിക്കുവാൻ നിശ്ചയിക്കുകയും ചെയ്തു. ഈ മാനസാന്തരം കാരണമായി അദ്ദേഹം മനസ്സമാധാനത്തോടെ വാർദ്ധക്യകാലം പിന്നിടുകയും, ലോകർക്ക് നല്ലൊരു മാതൃകയാകുകയും ചെയ്തു.

നമുക്ക് ദാനം നൽകുവാനുള്ള മനസ്സുണ്ടാകണമെങ്കിൽ സഹജീവികളോട് സ്നേഹമുണ്ടാകണം. ഇതിന് ദൈവവിശ്വാസികൾക്കേ സാധിക്കുകയുള്ളു. സ്നേഹമുണ്ടെങ്കിൽ മാത്രമേ നൽകുവാൻ സാധിക്കുകയുള്ളു. ദാനം നൽകുമ്പോൾ ലഭിക്കുന്നത് ആത്മസംതൃപ്തിയാണ്. ദാനം നൽകി ആളുകളാരും നശിച്ചുപോയതായി കേട്ടിട്ടില്ലല്ലോ. ആർക്കെങ്കിലും എന്തെങ്കിലും കൊടുക്കുവാൻ സാധിക്കുമ്പോഴെല്ലാം നമുക്ക് മനസ്സിലുണ്ടാകുന്ന സന്തോഷം നീണ്ടുനിൽക്കുന്നതായിരിക്കും.

"അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്, നിർബന്ധത്താലുമരുത്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു". സന്തോഷത്തോടെ ദാനം ചെയ്യുന്നവന് അതിന്റെ ധാരാളം ഇരട്ടി ദൈവം നൽകിക്കൊണ്ടേയിരിക്കുന്നതാണ് നാം കാണുന്നത്. ■

*(ഇടയലേഖനം തുടർച്ച)*

വന്നിരിക്കുന്നു. എത്രയോ ജീവിതങ്ങൾ പൊലിഞ്ഞുപോയിരിക്കുന്നു! സ്നേഹം നടിച്ച് തട്ടിപ്പ് നടത്തുന്നവരുടെ കഥ ഇനിയും അവസാനിച്ചിട്ടില്ല!

മശിഹാ സഭയ്ക്കുവേണ്ടി സ്വപ്രാണനെ സമർപ്പിച്ചതിനാൽ സഭ 'അപരനെ' തേടാതെ, രക്ഷിതാവിനോട് വിശ്വസ്തരായിരിക്കണം. ലാഭ നഷ്ടങ്ങൾ കണക്കാക്കുന്നത് വിശ്വസ്തതയുടെ രീതിയല്ല. വിശ്വസ്തരായ മനുഷ്യരുടെ പ്രഥമ പ്രതിബദ്ധത, ദൈവത്തോടാകയാൽ, അവർ യജമാന ദ്രോഹികളോ, മനുഷ്യപാതകരോ ആയി ഭവിക്കുകയില്ല. വിശ്വസ്തതയ്ക്ക് കാല-ദേശ പരിധികളുണ്ടാവുകയില്ല. ഒരിക്കൽ വിശ്വസ്തരായാൽ എന്നും അങ്ങനെയായിരിക്കും. ഒരർത്ഥത്തിൽ ദൈവസ്നേഹത്തോടുള്ള നന്ദിപൂർണ്ണമായ പ്രതികരണം തന്നെയാണ് അന്യരോടുള്ള വിശ്വസ്ഥത.

അവിശ്വസ്തതയും വഞ്ചനയും നമ്മുടെ ജീവിതത്തെ കളങ്കപ്പെടുത്താതിരിക്കട്ടെ.

'മിക്ക മനുഷ്യരും തങ്ങളോട് ദയാലുവായ ഒരുത്തനെ കാണും, എന്നാൽ വിശ്വസ്തനായ ഒരുത്തനെ ആർ കണ്ടെത്തും' (സദൃ. 20:6) ■





# English Eucharist
## *A boon for Ernakulam*

*Malankara Orthodox Church has begun celebrating Holy Eucharist in English language in Ernakulam. Kochi Diocesan Metropolitan H.G.Dr.Yakob Mar Irenios had celebrated the Holy Eucharist at St. Mary's Orthodox Cathedral, Ernakulam on 11th June 2017.*



Priests and Choir participated in English Holy Qurbana celebrated on 11th June by HG Yacob Mar Irenios.

*Celebrating Holy Eucharist in English language would be a great help for the Orthodox children who are born and brought up outside Kerala. Also Ernakulam has changed to an international hub for studies, employment and tourism. Subsequently, the number of English speaking Orthodox community is tremendously expanding. It is the responsibility of the Orthodox Church to extend spiritual and social support to this upcoming generation.*

*The language plays an important role for the effective and meaningful participation in the worship. It has been a long cherished dream of the Cathedral church to start Holy Eucharist in English for the people who cannot speak and understand Malayalam service meaningfully.*

*In fact, many youth have already left the Church. They mainly blame the language problem of the church worship. Some are attending the worship because it has become habitual and customary for them. Most of the beautiful songs, prayers and actions in worship become formal and unreal. This is a real danger the church is facing today. This condition is to be corrected. The only method to rectify this is to educate the people about the importance of worship in human life and the meaning of the actions and symbols that we use in our service. Sacraments especially Holy Eucharist is the centre of Orthodox Church spirituality. The sacramental worship is a special and profound experience of the meeting of heaven and earth. It is unimaginable and incomprehensible. When we understand the real beauty of our liturgy, we can attend the worship with greater appreciation and deeper devotion.*

*This is a humble effort from the Church's side to attract the people especially the youth to the worship life of the Church. Year after year, their number is increasing. If the Church fails to attract them to the main stream, it would be a mistake on our part.*

**Fr. Biju P. Thomas**
Director, Orthodox International Centre Kochi

## 2017 – 2018 ലെ സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ

| | | | |
|---|---|---|---|
| **Mr. Cherian Korah** | - | Trustee | Ph: 9846033475 |
| **Mr. Mathew Koshy** | - | Secretary | Ph: 9847046209 |
| **Mr. Daniel Oommen** | - | Member - Ex Officio | |
| **Mr. Abraham Olikkal** | - | Member - Managing Committee | |
| **Mr. P.K.O. Joyson** | - | " | |
| **Mr. Easo C Markos** | - | " | |
| **Mr. Elias P Varghese** | - | " | |
| **Mr. George Joseph** | - | " | |
| **Mr. T. Thomas** | - | " | |
| **Mr. Manoj Kuriakose** | - | " | |
| **Mr. Sabu Cherian** | - | " | |
| **Mr. Mathew Elias** | - | " | |
| **Mr. Joy Joseph P** | - | " | |
| **Smt. Shirly Paulose** | - | " | |
| **Smt. Asha Joshy.D** | - | " | |

Auditors :

**Mr. Philip Panakkal & Mr. N.C. Mathai**



വികാരി ഫാ. ജിജു വർഗ്ഗീസ്, ഫാ. സൈമൺ ജോസഫ്, ഫാ. പോൾ ജോർജ്ജ്, എന്നിവരുടെ സാന്നിദ്ധ്യത്തിൽ. ശ്രീ. ചെറിയാൻ കോര, ശ്രീ. ഡാനിയൽ ഉമ്മനിൽ നിന്നും ട്രസ്റ്റി സ്ഥാനം സ്വീകരിക്കുന്നു.

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | July 9 - 10.00 am, July 16 - 07.00 am, July 23 - 10.00 am, July 30 - 07.00 am, Aug 6 - 10.00 am |
| സെമിത്തേരിമുക്ക് ചാപ്പൽ: | July 9 - 07.30 am, July 23 - 7.30 am, Aug 6 - 07.30 am |

**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**

**എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വൈകുന്നേരം 5.30 ന് ഇംഗ്ലീഷ് വി. കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.**